ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ഇതു സംബന്ധിച്ച് പരാമർശം സുപ്രീംകോടതി വിധിയിൽ ഉണ്ടായിട്ടുണ്ട്.

(സി) ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

പോലീസ് സ്റ്റേഷനുകളിൽ എട്ടുമണിക്കൂർ ജോലി

39 [3734] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടോ; എത്ര പോലീസ് സ്റ്റേഷനുകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; അവ ഏതൊക്കെ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ ഉത്തരവനുസരിച്ച് ഏതൊക്കെ സ്റ്റേഷനുകളിൽ ഇതു നടപ്പാക്കിയിട്ടുണ്ട്; ബാക്കിയുള്ളവയിൽ നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് എന്നത്തേക്ക് നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉത്തരവായിട്ടുണ്ട്. 57 പോലീസ് സ്റ്റേഷനുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 57 പോലീസ് സ്റ്റേഷനുകളുടെ ലിസ്റ്റ് അനുബന്ധം 'എ' ആയും ഉത്തരവിന്റെ പകർപ്പ് അനുബന്ധം 'ബി' ആയും ചേർത്തിരിക്കുന്നു.†

(ബി) മേൽ സൂചിപ്പിച്ച 57 പോലീസ് സ്റ്റേഷനുകളിൽ ഈ സമ്പ്രദായം നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ബാക്കിയുള്ളവയിൽ നടപ്പിലാക്കുവാൻ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

ഹെഡ് കോൺസ്റ്റബിൾ പ്രമോഷൻ

40 [3735] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ 2004 വരെ പ്രമോഷന് അർഹരായ എത്ര ഹെഡ് കോൺസ്റ്റബിൾമാരുണ്ട്;

(ബി) പ്രമോഷൻ നൽകേണ്ടവരിൽ എത്രവർഷം വരെ സർവീസുള്ളവരുണ്ടെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly